പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2524

18/02/2016-ലെ
മറുപടിയ്ക്ക്

## പട്ടികജാതി വികസന വകുപ്പിന്റെ സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതി

| | ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന 'സ്റ്റാർട്ട് അപ് ഡ്രീംസ്' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | ബിസിനസ്സ് മേഖലയിൽ എത്തിപ്പെടാൻ താൽപര്യമുള്ള പട്ടികജാതിവിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ഇൻകുബേഷൻ സെന്റർ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണ്ണന്തല അംബേദ്ക്കർ ഭവനിൽ കേരള സ്റ്റാർട്ട്അപ് മിഷനുമായി സഹകരിച്ച് ആരംഭിക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഇൻകുബേഷൻ സെന്ററിൽ തൽപരരായവർക്ക് സംരംഭം ആരംഭിക്കുന്നതിന് പരിശീലനവും അടിസ്ഥാന സൗകര്യവും നൽകുന്ന ഒരു പദ്ധതികൂടിയാണ് സ്റ്റാർട്ട്അപ് ഡ്രീംസ്. |
| (ബി) | ഇതിന്റെ മേൽനോട്ടം ആർക്കാണെന്നും ആരുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ടെക്നോപാർക്കിലെ കേരള സ്റ്റാർട്ട്അപ് മിഷൻ എന്ന സ്ഥാപനവുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയിലേക്ക് എന്ത് തുകയാണ് നീക്കിവച്ചിരിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | മണ്ണന്തല അംബേദ്ക്കർഭവനിലെ 5000 ചതുരശ്ര അടി സ്ഥലം കേരള സ്റ്റാർട്ട്അപ് മിഷന്റെ നേതൃത്വത്തിൽ നവീകരിച്ച് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് 133.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ 40% തുക കേരള സ്റ്റാർട്ട് അപ് മിഷന് വിതരണം നടത്തിയിട്ടുണ്ട്. |

Salini K.T
സെക്ഷൻ ഓഫീസർ